മി. സ്പീക്കർ: ചട്ടം 50 അനുസരിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയ പ്രസ്തുത വിഷയം ഈ സമ്മേളനത്തിൽ 30-10-2019-ന് ശ്രീ. കെ. സി. ജോസഫ് സഭയിൽ സബ്മിഷനായി ഉന്നയിക്കുകയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമായി മറുപടി നൽകുകയും ചെയ്തതാണ്. ചട്ടപ്രകാരം അനുവദനീയമല്ലെങ്കിൽ പോലും വാറ്റ് നികുതി കുടിശ്ശിക സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ സഭ മുമ്പാകെ വരേണ്ടതുണ്ടെന്ന ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് ഈ നോട്ടീസിന് അവതരണാനുമതി നൽകുകയാണ്.

**അടിയന്തരപ്രമേയം**

നിയമവിരുദ്ധ പ്രീ-അസസ്മെന്റ് നോട്ടീസുകൾ

മി. സ്പീക്കർ: കേരള മൂല്യവർദ്ധിത നിയമത്തിന്റെ 25(1) വകുപ്പ് അനുസരിച്ച് നോട്ടീസ് അയച്ചതുമൂലവും ചരക്ക് സേവന നികുതി പ്രകാരം റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വന്ന മാസങ്ങളിലെ ഔട്ട്പുട്ട് ടാക്സിന്റെ മേലെ പലിശ ഈടാക്കിക്കൊണ്ടുള്ള നോട്ടീസ് നൽകിയത് കാരണവും ഒരാൾ

ആത്മഹത്യ ചെയ്തത് ഉൾപ്പെടെ സംസ്ഥാനത്തെ വ്യാപാരികളിലുണ്ടായിരിക്കുന്ന ഉത്കണ്ഠയും ഭീതിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അങ്ങ് ഇപ്പോൾ സൂചിപ്പിച്ചതുപോലെ ഇതേ വിഷയം ശ്രീ. കെ. സി. ജോസഫ് ഇവിടെ സബ്മിഷനായി ഉന്നയിക്കുകയും ഞാൻ അതിന് മറുപടി പറയുകയും ചെയ്തതാണ്. സഭയിൽ പറഞ്ഞതുപോലെ അന്ന് വൈകുന്നേരം കേരളത്തിലെ എല്ലാ പ്രമുഖ വ്യാപാരി വ്യവസായി സംഘടനകളുടെയും യോഗം വിളിച്ചു ചേർത്തിരുന്നു. അവിടെ വച്ച് താഴെപ്പറയുന്ന ഉറപ്പുകൾ വ്യാപാരി സംഘടനകൾക്ക് നൽകി. ഒന്ന്, ഇത്തരത്തിൽ നോട്ടീസുകൾ പോയത് സർക്കാരിന്റെ നയത്തിന് അനുസൃതമായിട്ടല്ല. നികുതി കുടിശ്ശിക കർശനമായി പിരിക്കണമെന്നുള്ള നിലപാടിൽ ഉറച്ചുനിൽക്കുമ്പോൾ തന്നെ arbitrariness

പാടില്ല. എന്നാൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ അയച്ച നോട്ടീസിനുമേൽ ഒരു തുടർനടപടികളും ഉണ്ടാകില്ലെന്ന് സംഘടനകൾക്ക് ഉറപ്പുനൽകി. രണ്ട്, ഇനി കൂടുതൽ നോട്ടീസുകൾ സ്ക്രൂട്ടിണി മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നൽകില്ലെന്നും ഉറപ്പുനൽകുകയുണ്ടായി. ഇതൊരു സ്റ്റാറ്റ്യൂട്ടറി പ്രൊസീഡ്യുവർ ആയതുകൊണ്ട് നിയമവകുപ്പുമായി ആലോചിച്ച് ഇവയെല്ലാം പിൻവലിക്കാനുള്ള നടപടിയും സ്വീകരിക്കുമെന്ന് പറഞ്ഞു. അതുകൊണ്ട് ശ്രീ. വി. ഡി. സതീശൻ പറയുന്നതുപോലുള്ള സംഭ്രമജനകമായിട്ടുള്ള ഒരു സാഹചര്യം സംസ്ഥാനത്തില്ല. എങ്കിലും എന്തെങ്കിലും ഉണ്ടെങ്കിൽ കേൾക്കട്ടെ. ഞാൻ പ്രതികരിക്കാം. രണ്ടാമത്തേത്, ഒരു വ്യാപാരിയുടെ ദൗർഭാഗ്യകരമായ ആത്മഹത്യയാണ്. അക്കാര്യവും അന്ന് ശ്രീ. കെ. സി. ജോസഫ് പറയുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ സ്ഥലവാസികളിൽനിന്നും മറ്റ് ബന്ധപ്പെട്ടവരിൽനിന്നും എനിക്ക് അറിയാൻ കഴിഞ്ഞത്, അദ്ദേഹം ഏതാണ്ട് 700 രൂപ വച്ച് വലിയ തോതിൽ കുരുമുളക് സംഭരിച്ചിരുന്നു. എന്നാൽ കുരുമുളകിന്റെ വിലയിടിവ് അദ്ദേഹത്തെ വലിയ ഡിപ്രഷനിലേയ്ക്ക് കൊണ്ടുവരുന്ന ഒരു സാഹചര്യത്തിലേയ്ക്ക് എത്തിച്ചു എന്നാണ്. ഞാൻ ഇത്

വ്യാപാരി സംഘടനകളോട് പറഞ്ഞു. എന്നാൽ അവരെല്ലാവരും അങ്ങനെയല്ല എന്നുപറഞ്ഞ് മെമ്മോറാണ്ടവും തന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ വിശദമായ റിപ്പോർട്ട് വരുന്നതിന്റെ അടിസ്ഥാനത്തിൽ നമുക്കൊരു സമീപനം കൈക്കൊള്ളാം. മൂന്നാമത്തെ പ്രശ്നം, ജി.എസ്.ടി.-യിൽ നികുതി വൈകി അടയ്ക്കുമ്പോൾ അതിന് പലിശ വരും. അത് നികുതിയുടെ പുറത്തേ പാടുള്ളൂ എന്നുള്ളതാണ് വ്യാപാരികളുടെ ഡിമാന്റ്. എന്നാൽ മൊത്തം ഔട്ട്പുട്ട് ടാക്സിന്റെ മുകളിലാണ് പലിശ വരുന്നത്. ഇത് കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തതാണ്. വ്യാപാരികൾ പറയുന്നതിലും ന്യായമുണ്ട്. എന്നാൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പിരിച്ചുപോയതുകൊണ്ട് ഇത് പിൻവലിക്കാൻ അവർക്ക് സമ്മതമുണ്ടായിരുന്നില്ല. മറിച്ച്, ഇതൊരു പെനാൽറ്റിയായിട്ട് കണക്കാക്കണമെന്ന് അവർ പറഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിലിൽ തീരുമാനമെടുക്കാതെ ഇത് മാറ്റിവയ്ക്കുകയാണ് ചെയ്തത്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നോട്ടീസ് അയയ്ക്കാൻ സാധിക്കൂ. നോട്ടീസ് അയയ്ക്കൽ മാറ്റിവയ്ക്കാൻ കഴിയില്ല. കാരണം സർക്കാരിന്റെ

സാമ്പത്തിക മുരടിപ്പിന്റെ അടിസ്ഥാനത്തിലുള്ള നികുതിയും തരുന്നില്ലെങ്കിലോ; കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്, G.S.T.R.-1 ആളുകൾ ഫയൽ ചെയ്യും. അതുവച്ച് ഇൻപുട്ട് ക്രെഡിറ്റ് വാങ്ങിയ ആൾ എടുക്കുകയും ചെയ്യും. എന്നാൽ 3 (ബി) നൽകുകയില്ല. സർക്കാരിന് നികുതിയും ലഭിക്കുകയില്ല, ക്രെഡിറ്റുള്ളത് കൊടുക്കുകയും ചെയ്യണമെന്നുള്ള അവസ്ഥയാണ്. അതുകൊണ്ട് നോട്ടീസ് അയയ്ക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇത് മാറ്റണമെങ്കിൽ ജി.എസ്.ടി. കൗൺസിലിന് മാത്രമേ പറ്റൂ. ബഹുമാനപ്പെട്ട മെമ്പർ കൂടുതൽ പ്രശ്നങ്ങൾ ഉന്നയിക്കുകയാണെങ്കിൽ നിശ്ചയമായും അതിനൊരു വിശദീകരണം നൽകാം. ഏതായാലും ഇതൊരു ദൗർഭാഗ്യകരമായ എപ്പിസോഡായി പോയി. കാരണം സർക്കാരിന്റെ സമീപനം ഇതല്ലെന്ന് നിങ്ങളും അംഗീകരിക്കുമെന്ന് തോന്നുന്നു. ഇത്തരത്തിൽ ഒരിക്കൽപ്പോലും വ്യാപാരികളുമായി തർക്കമോ ഏറ്റുമുട്ടലോ ഒന്നും ഉണ്ടായിട്ടില്ലായിരുന്നു. സർക്കാരിന്റെ നയത്തിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു സംഭവമാണ്. അത് തിരുത്തിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ന് നവംബർ 8-ാം തീയതിയാണ്. നോട്ട് പിൻവലിച്ചതിന്റെ മൂന്നാം വാർഷികമാണിന്ന്. നോട്ട് പിൻവലിച്ച

നടപടി നമ്മുടെ രാജ്യത്തെ വ്യാപാരികളുടെയും ചെറുകിട ഇടത്തരം സംരംഭകരുടെയും തലയ്ക്കുമീതെ എത്രവലിയ ദോഷകരമായി ഭവിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. നോട്ട് പിൻവലിച്ചതിന്റെ മൂന്നാം വാർഷിക ദിനത്തിൽ സംസ്ഥാന സർക്കാരിന്റെ ഒരു നടപടി കേരളത്തിലെ വ്യാപാരികളുടെ മീതെ ഇടിത്തീപോലെ പതിച്ചതിന്റെ കാര്യമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉത്തരം പറഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടായതിന് പ്രധാനപ്പെട്ട ഒരു കാരണം വിൽപ്പനയും വ്യാപാരവും കുറഞ്ഞുവരുന്നതുകൊണ്ടുകൂടിയാണ് എന്നൊരു ന്യായമാണ് വച്ചത്. ജി.എസ്.ടി.-യുടെ വികലമായ നിർവ്വഹണവും അതുകൊണ്ടുണ്ടായ വ്യാപാര മാന്ദ്യവും ഒരു വശത്ത് നിൽക്കുന്നു. നോട്ട് പിൻവലിച്ചതിന്റെ ബുദ്ധിമുട്ടുകൾ മറുവശത്തും നിൽക്കുന്നു. സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക മാന്ദ്യം വ്യാപാര മേഖലയെ ബാധിച്ചിരിക്കുന്നു. തകർന്ന് തരിപ്പണമായ വ്യാപാര രംഗത്തിന് മീതെയാണ് ഇടിവെട്ടുകൊണ്ടവനെ പാമ്പ് കടിച്ചു എന്നുപറയുന്നതുപോലെ പഴയ വാറ്റ്-ന്റെ സെക്ഷൻ 25(1) അനുസരിച്ചുള്ള

നോട്ടീസുകൾ ഈ ഗവൺമെന്റ് നൽകിയത്. 2017-ലാണ് ജി.എസ്.ടി. നിയമം നിലവിൽ വന്നത്. അതിനുമുമ്പ് സംസ്ഥാനത്ത് നടപ്പാക്കിയിരുന്ന മൂല്യവർദ്ധിത നികുതി നിയമത്തിന്റെ അസസ്സ്മെന്റുകൾ അഞ്ചുവർഷത്തിനകം പൂർത്തിയാക്കണമെന്ന് ആദ്യത്തെ നിയമത്തിലും പിന്നീട് ആറ് വർഷത്തിനകം പൂർത്തിയാക്കണമെന്നുള്ള അമന്റ്മെന്റും വന്നു. 2013-14 വർഷത്തെ അസസ്സ്മെന്റുകളുടെയെല്ലാം ഫൈനാലിറ്റി വരുന്ന ദിവസമാണ് 2020 മാർച്ച് 20. അതിനുമുമ്പായി വാറ്റ് നിയമത്തിന്റെ സെക്ഷൻ 21 അനുസരിച്ച് വ്യാപാരികൾക്ക് പ്രീ-അസസ്സ്മെന്റ് നോട്ടീസുകളാണ് നികുതി വകുപ്പ് അയച്ചത്. വിചിത്രമായ നോട്ടീസുകളാണ് നികുതി വകുപ്പ് അയച്ചതെന്ന് പറയാം. ചങ്ങനാശ്ശേരിയിലുള്ള ഒരു വ്യാപാരിക്ക് അയച്ച ടോട്ടൽ പർച്ചേസ് സപ്രഷൻ കണക്കുകൂട്ടി വായിക്കാൻ ബുദ്ധിമുട്ടാണ്. അതൊരു വലിയ തുകയാണ്. ഇരുപത്തി അയ്യായിരത്തി അറുന്നൂറ്റി നാൽപ്പതുകോടി അറുപത്തിയൊന്ന് ലക്ഷം രൂപയാണ് അയാൾ പർച്ചേസ് സപ്രഷൻ നടത്തിയതായി നോട്ടീസ് കൊടുത്തിരിക്കുന്നത്. അതുപോലെ മറ്റൊരു നോട്ടീസിൽ മൂന്നുകോടി ഇരുപത്തിയെട്ട് ലക്ഷത്തി ഒമ്പതിനായിരത്തി നാന്നൂറ്റി എൺപത് രൂപയാണ്

സപ്രഷനായി കാണിച്ചിരിക്കുന്നത്. പക്ഷെ വിൽപ്പനയിൽ ഒളിച്ചുവച്ചതായി കാണിച്ചിരിക്കുന്നത് 48 പൈസയാണ്. മറ്റൊരു സ്ഥലത്ത് വിൽപ്പനയുടെ യഥാർത്ഥ കണക്കിൽ ഒരു രൂപ മുപ്പത് പൈസയാണ് മറച്ചുവച്ചിരിക്കുന്നതായി കാണിച്ചിരിക്കുന്നത്. ഒരു വശത്ത് exorbitant ആയ തുകയാണ്. നമുക്ക് കണക്കുകൂട്ടാൻപോലും കഴിയാത്ത തരത്തിലുള്ള അക്കങ്ങളുള്ള വലിയ തുകകളാണ്. ഏത് വ്യാപാരി കണ്ടാലും അവിടെ തലകറങ്ങി വീഴുകയോ നിന്ന നിൽപ്പിൽ ഹൃദയസ്തംഭനം വന്ന് മരിച്ചുപോകുകയോ ചെയ്യുന്ന തരത്തിലുള്ള നോട്ടീസുകളാണ് സർക്കാരിൽനിന്നും പോയിട്ടുള്ളത്. മറുവശത്ത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നാമമാത്രമായ തുക - 48 പൈസ, 50 പൈസ, ഒരു രൂപ, രണ്ടുപൈസ തുടങ്ങിയ നോട്ടീസുകൾ. ഇതൊന്നും പരിശോധിക്കാതെ കോടിക്കണക്കിന് രൂപ ചെലവാക്കി നികുതി വകുപ്പ് തയ്യാറാക്കിയ ഒരു സോഫ്റ്റ്‌വെയർ മൊഡ്യൂളിൽനിന്നാണ് ഇതെല്ലാം പോയിരിക്കുന്നത്. ഇതെല്ലാം കേന്ദ്രീകൃതമായ അസസ്മെന്റുകളാണ്. എന്നിട്ട് അസസ്സിംഗ് അതോറിറ്റികളോട് ഇത് നിർബന്ധമായി വീടുകളിൽ കൊണ്ടുപോയി കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. പത്തനംതിട്ടയിലെ ഒരു അസസ്സിംഗ് അതോറിറ്റി 17

കിലോമീറ്റർ വണ്ടിയോടിച്ച് ഒരാളുടെ വീട്ടിൽ കൊണ്ടുകൊടുത്ത നോട്ടീസിലെ ഡിമാന്റും സപ്രഷനും  സെയിലും പർച്ചേസും തമ്മിലുള്ള വ്യത്യാസം സീറോ ആയിരുന്നു. പക്ഷെ പതിനേഴ് കിലോമീറ്റർ വണ്ടിയോടിച്ച് ഈ കച്ചവടക്കാരനെ നേരിൽ കണ്ട് അസസ്സിംഗ് അതോറിറ്റി നോട്ടീസ് കൊടുത്തു. കാരണം അത്രമാത്രം കർശനമായ നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയിട്ടുള്ളത്. ഈ നോട്ടീസുകളെല്ലാം വിചിത്രമായ നോട്ടീസുകളാണ്. അതിൽ ഒരു കാരണവും കാണിക്കുന്നില്ല. ഇതിനകത്ത് ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ.... ഒരു വ്യാപാരിക്ക് നോട്ടീസ് കൊടുത്താൽ അയാൾ തിരികെ മറുപടി കൊടുക്കേണ്ടതല്ലേ?  എവിടെനിന്നാണ് ആയാൾ നോട്ടീസ് വാങ്ങിയതെന്നറിയുന്നതിനുള്ള മേൽവിലാസമില്ല, തീയതിയും ഇൻവോയിസ് നമ്പരുമില്ല, ഉൽപ്പന്നങ്ങളുടെ വില സംബന്ധിച്ച split up ഇല്ല, അതിന്മേൽ കളക്ട് ചെയ്ത വാല്യൂ ആഡഡ് ടാക്സിന്റെ വിവരങ്ങളില്ല.  തനിക്ക് ലഭിച്ച നോട്ടീസിൽ കൃത്യമായ വിവരങ്ങളുണ്ടെങ്കിൽ മാത്രമേ ഒരു നികുതിദായകന് ഏത് ഇടപാടിലാണ് താൻ പൊരുത്തക്കേട് കാണിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാനും അതനുസരിച്ചുള്ള മറുപടി നൽകാനും

കഴിയുകയുള്ളൂ. അൻപത്തി രണ്ടായിരം നോട്ടീസുകളാണ് കേരളത്തിലെ വ്യാപാരികൾക്ക് നികുതി വകുപ്പ് അയച്ചിട്ടുള്ളത്. ഈ നോട്ടീസുകളിൽ ഏതെങ്കിലും ഒന്നിന് മറുപടി നൽകാൻ ഈ അൻപത്തി രണ്ടായിരം വ്യാപാരികളിൽ ആർക്കെങ്കിലും ഒരാൾക്ക് കഴിയുമോ? മാത്രമല്ല, മറുപടി നൽകാൻ വളരെ കുറച്ച് സമയം മാത്രമാണ് നൽകിയിട്ടുള്ളത്. ഈ നോട്ടീസിന് ഒരു വ്യാപാരി മറുപടി നൽകണമെങ്കിൽ it needs huge work force. പത്തുനൂറ് പേരെ ജോലിക്ക് നിയോഗിച്ച് അവർ ഇത് മുഴുവൻ പരിശോധിച്ചാൽ മാത്രമേ നികുതി വകുപ്പിന് മറുപടി കൊടുക്കാൻ കഴിയുകയുള്ളൂ. നോട്ടീസ് അവ്യക്തമെന്ന് മാത്രമല്ല, ഗൗരവതരവും വളരെ ഞെട്ടിക്കുന്നതുമായ ഡിഫക്ടുകളുള്ളതുമാണ്. ഇതിനെത്തുടർന്ന് പത്തനംതിട്ട ജില്ലയിലെ തണ്ണീത്തോട് എന്ന സ്ഥലത്ത്, മത്തായി ഡാനിയേൽ എന്ന 74 വയസ്സുള്ള ഒരു വ്യാപാരിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യം ശരിയാണ്. കാരണം അദ്ദേഹം അല്ലെങ്കിൽ തന്നെ ഒരു പ്രശ്നത്തിൽപ്പെട്ടിരിക്കുകയായിരുന്നു. കാരണം 700 രൂപയുണ്ടായിരുന്ന കുരുമുളകിന്റെ വില 300 രൂപയായി കുറഞ്ഞപ്പോഴുണ്ടായ ഒരു പ്രശ്നമാണ്. ഞാൻ

നേരത്തെ സൂചിപ്പിച്ചുവല്ലോ, കേരളത്തിലെ എല്ലാ വ്യാപാരികളും ഒരു പ്രശ്നത്തിന്റെ പേരിൽ അല്ലെങ്കിൽ മറ്റൊരു പ്രശ്നത്തിന്റെ പേരിൽ സാമ്പത്തിക ബാധ്യതളാൽ തളർന്നിരിക്കുകയാണ്. അയാളുടെ മീതെ 'കുനിൻമേൽ കുരു' എന്നുപറയുന്നത് പോലെയാണ് 24-ാം തീയതി ഈ നോട്ടീസ് ലഭിച്ചത്. നോട്ടീസ് ലഭിച്ചുവെന്ന് മാത്രമല്ല, 27-ാം തീയതി ഇന്റലിജൻസ് വിംഗിൽനിന്നുള്ള ഉദ്യോഗസ്ഥർ അയാളുടെ കടയിൽ പരിശോധന നടത്തുകയും വീണ്ടും ഹാജരാകണമെന്ന് 74 വയസ്സുകാരനായ, 40 കൊല്ലക്കാലമായി എല്ലാ മാസവും പത്തൊൻപത് - ഇരുപത് ലക്ഷം രൂപ സംസ്ഥാന ഖജനാവിലേയ്ക്ക് ടാക്സ് അടയ്ക്കുന്ന ഈ നികുതി ദായകനെ ഭീഷണിപ്പെടുത്തുകയും ചെയ്തു. 28-ാം തീയതി രാവിലെ ഒരു നിവൃത്തിയുമില്ലാതെ ആ വന്ദ്യവയോധികൻ ആത്മഹത്യ ചെയ്തു. നമ്മുടെ സംസ്ഥാന നികുതി വകുപ്പ് കൊലപ്പെടുത്തുന്ന രണ്ടാമത്തെ ആളാണ് അദ്ദേഹം. Presumptive tax-ന്റെ പേരിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽതന്നെ നേരത്തെ ഒരാൾ ആത്മഹത്യ ചെയ്ത വിവരം നമുക്കെല്ലാവർക്കും അറിയാം. ഏതെങ്കിലുമൊരു സംസ്ഥാനത്ത്, നികുതി ഭാരം കൊണ്ടോ അല്ലെങ്കിൽ നികുതി നോട്ടീസ് ലഭിക്കുന്നതുകൊണ്ടോ മനുഷ്യൻ

ആത്മഹത്യ ചെയ്യുന്നത് കേരളത്തിൽ മാത്രമാണെന്ന കാര്യം വളരെ ദൗർഭാഗ്യകരമാണ്. എറണാകുളം ജില്ലയിൽ മാത്രം ആറുപേർക്ക് എസ്റ്റിമേറ്റ് ചെയ്തത് 15,000 കോടിയിൽപ്പരം രൂപയാണ്. എന്റെയടുത്ത് വിവിധ ഡീലേഴ്സും മറ്റ് സംഘടനാ പ്രതിനിധികളും കൊണ്ടുവന്ന കാണിച്ച നോട്ടീസുകളിൽ, പതിനായിരം കോടിയിലധികം രൂപ എസ്റ്റിമേറ്റ് ചെയ്ത ധാരാളം നോട്ടീസുകളുണ്ടായിരുന്നു. ഈ സോഫ്റ്റ്വെയർ മൊഡ്യൂൾ തയ്യാറാക്കിയതിലെ അപാകത എന്താണെന്ന് കണ്ടുപിടിക്കാൻ ഗവൺമെന്റ് ഇതുവരെ തയ്യാറായിട്ടുണ്ടോ? എത്ര കോടി രൂപയാണ് ഈ മൊഡ്യൂൾ തയ്യാറാക്കുന്നതിനായി ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത്? 2009-ൽ അന്നത്തെ ടാക്സ് കമ്മീഷണർ പുറപ്പെടുവിച്ച ഒരു സർക്കുലറിലെ, സർക്കുലർ നമ്പർ രണ്ടിൽ പറയുന്നുണ്ട് "It is to be remembered that the cross verification tools act only as an aid, in scrutiny and does not dispense with human intervention. Also scrutiny should not be a mechanical act and should be done with proper application of mind. Hence the discrepancies should be clearly spelt out on the notice and the dealers objections on this

account should be considered in the right perspective." അതായത് ഏതെങ്കിലും ഒരു യന്ത്രത്തിന്റെയോ മൊഡ്യൂളിന്റെയോ സഹായത്തോടുകൂടി യാന്ത്രികമായി തയ്യാറാക്കപ്പെടേണ്ടതല്ല ഒരു നോട്ടീസ്. മറിച്ച് നമ്മുടെ പ്രായോഗിക ബുദ്ധി പ്രയോഗിച്ച് അത് പരിശോധിക്കണം. ഈ 52,000 നോട്ടീസുകളിൽ ഏതെങ്കിലുമൊരു നോട്ടീസ് പരിശോധിച്ചിരുന്നുവെങ്കിൽ ഇത്രയും അപകടകരമായ ഒരു കാര്യം സംഭവിക്കുമായിരുന്നോ? ഇത് ആറ് മാസം മുമ്പ് തുടങ്ങിയതാണ്. അന്ന് ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ  നികുതി വകുപ്പിനോട് ഈ രീതി നിർത്തിവയ്ക്കാൻ മന്ത്രി ആവശ്യപ്പെട്ടു. നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകി കുറച്ചുനാൾ കഴിഞ്ഞപ്പോൾ വീണ്ടും  നോട്ടീസ് അയയ്ക്കാൻ തുടങ്ങി. ഉദ്യോഗസ്ഥരെ കോൺഫറൻസിൽ വിളിച്ചുവരുത്തി നോട്ടീസ് അയയ്ക്കാത്തവർക്കെതിരെ നടപടിയെടുക്കുമെന്ന് ഭീഷണിപ്പെടുത്തിയില്ലേ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ ഭീഷണിപ്പെടുത്തിയോ?

ശ്രീ. വി. ഡി. സതീശൻ: മന്ത്രി ഭീഷണിപ്പെടുത്തിയെന്ന് ഞാൻ

പറഞ്ഞില്ല. നികുതി വകുപ്പ് അങ്ങയുടെ വകുപ്പല്ലേ? അങ്ങല്ലേ നിയമസഭയിൽ വന്ന് മറുപടി പറയുന്നത്. അക്കൗണ്ടബിലിറ്റിയുള്ളത് ആർക്കാണ്? ധനകാര്യ വകുപ്പുമന്ത്രിക്കല്ലേ? തിരുവനന്തപുരത്ത് അങ്ങ് നിർത്തിവയ്ക്കാൻ നിർദ്ദേശം കൊടുത്ത ഒരു കാര്യമാണ്. ഏത് ഉദ്യോഗസ്ഥനാണ് അവരെ വീണ്ടും വിളിച്ചുവരുത്തുവാൻ ധൈര്യമുണ്ടായത്? ഇത് അപകടകരമാണെന്ന് നിരവധി ഉദ്യോസ്ഥന്മാർ ചൂണ്ടിക്കാണിച്ചപ്പോൾ അവരോട് വായ അടയ്ക്കാനും നിർദ്ദേശങ്ങൾ അനുസരിക്കാനും പറഞ്ഞ് ഭീഷണിപ്പെടുത്തിയില്ലേ? ഇതൊക്കെയാണ് ഈ സംസ്ഥാനത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ. കഴിഞ്ഞ ദിവസം, പ്രളയാനന്തര ആവശ്യങ്ങൾക്കായി ലഭിച്ച 1750 കോടി രൂപ വകമാറ്റി ചെലവഴിച്ച കാര്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി എന്നോട് ചോദിച്ചു, വി. ഡി. സതീശന് എന്തുപറ്റിയെന്ന്. ഞാൻ തിരികെ അങ്ങയോട് ചോദിക്കുന്നു, എന്തുപറ്റി ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസക്കിന്? 2006 മുതൽ 2011 വരെയുണ്ടായിരുന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ നിഴൽമാത്രമാണ് ഇന്ന് അങ്ങ്. അങ്ങ് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ലെന്ന ഗുരുതരമായ ആക്ഷേപം അങ്ങയോടുള്ള എല്ലാ ബഹുമാനവും ആദരവും

നിലനിർത്തിക്കൊണ്ട് ഞാൻ ഉന്നയിക്കുകയാണ്. അങ്ങയുടെ നിയന്ത്രണത്തിലാണോ ഈ നികുതി വകുപ്പ്? ഇത്തരം കാര്യങ്ങൾ അവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന ഒരു സ്ഥലമാണ്. ഒരു വശത്ത് ease of doing business നടത്തുന്നു. മറുവശത്ത് ഹരാസ്മെന്റും ടോർച്ചറുമാണ് നികുതി ദായകരോട് കാണിക്കുന്നത്. കെ.ജി.എസ്.ടി. മാറി. വാറ്റ് നിലവിൽ വന്നപ്പോൾ അങ്ങ് ചെയ്ത പരിഷ്കാരങ്ങളെയും നടപടികളെയും ഈ സീറ്റിലിരുന്ന് അഭിനന്ദിച്ചിട്ടുള്ള ഒരാളാണ് ഞാൻ. വാറ്റ് സിസ്റ്റം മാറി ജി.എസ്.ടി. നിലവിൽ വന്നപ്പോൾ എത്ര നിഷ്ക്രിയമായിരുന്നു ധനകാര്യ വകുപ്പും നികുതി വകുപ്പും. ആ വാറ്റിലെ പ്രശ്നങ്ങൾ തീർക്കാൻ, ഇത് നമ്മുടെ നൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതിയിൽ വന്നതല്ലേ? All pending matters shall be completed within one year എന്ന് പറഞ്ഞതല്ലേ; അങ്ങനെയാണെങ്കിൽ 15-09-2017-ൽ ഇതെല്ലാം തീർക്കേണ്ടതല്ലേ? എത്ര മനോഹരമായി ഇതിനെല്ലാം നമ്മളന്ന് പരിഹാരമുണ്ടാക്കിയതാണ്. ഇതെല്ലാം ഇപ്പോൾ അങ്ങ് പിൻവലിക്കുമെന്ന് പറയുന്നു. പിൻവലിക്കാനുള്ള തീരുമാനം ഇതുവരെയും എടുത്തിട്ടില്ല. ഈ നോട്ടീസുകളെല്ലാം ഡെമോക്ലിസിന്റെ

വാളുപോലെ കേരളത്തിലെ വ്യാപാരികളുടെ തലയ്ക്കുമീതെ നിൽക്കുന്നു. എത്ര പേർക്ക് മനസ്സിലാകും ഇതിന്റെ സാങ്കേതികത്വവും നിയമപരമായ വശങ്ങളും? അവർക്കുമീതെ കോടിക്കണക്കിന് രൂപയുടെ അസസ്സ്മെന്റ്/പ്രീ അസസ്സ്മെന്റ് നോട്ടീസുകൾ നിലനിൽക്കുകയാണ്. ഇനി വരാനിരിക്കുന്നത് 2013-2014-ലെ മാത്രമാണ്. 2017 വരെയുള്ള ഓരോ വർഷത്തെയും നോട്ടീസുകൾ വന്നാൽ, ഇനിയും ആരെങ്കിലും ആത്മഹത്യ ചെയ്താൽ അതിന്റെ ഉത്തരവാദിത്വം ധനകാര്യ വകുപ്പ് ഏറ്റെടുക്കുമോയെന്നാണ് എനിക്ക് വിനയപൂരസരം ചോദിക്കാനുള്ളത്. നോട്ടീസിൽ പറഞ്ഞ ഒരു കാര്യത്തെ കുറിച്ചുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ജി.എസ്.ടി.-യിൽ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വന്ന മാസങ്ങൾക്ക് ഔട്ട്പുട്ട് ടാക്സിന്റെ മീതെ പലിശ ഈടാക്കിക്കൊണ്ടുള്ള നോട്ടീസുകൾ അയയ്ക്കുകയാണ്. ഇക്കാര്യത്തിൽ ജി.എസ്.ടി. കൗൺസിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. ഇൻപുട്ട് ക്രെഡിറ്റ് എക്സസ് ആയിട്ടുള്ള മാസങ്ങളിൽ ഈ നോട്ടീസ് അയയ്ക്കേണ്ട ആവശ്യമുണ്ടോ; ഇൻപുട്ട് ടാക്സിന്റെ എക്സസ് വന്നിട്ടുണ്ട്. അങ്ങനെയാണെങ്കിൽ, ഇൻപുട്ട് ടാക്സ് എക്സസ് വന്നതിന് നികുതി വകുപ്പ്

തിരിച്ച് ഇങ്ങോട്ട് പണം കൊടുക്കുമോ; അന്യായമാണ് നടക്കുന്നത്. ഈ അന്യായങ്ങൾ അവസാനിപ്പിക്കണം. നികുതി വകുപ്പിന് മുകളിൽ കർശനമായ നിയന്ത്രണം വേണം. മറ്റു പല പ്രശ്നങ്ങൾകൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന, നിവൃത്തികെട്ടിരിക്കുന്ന, കടക്കെണിയിലാണ്ടിരിക്കുന്ന കേരളത്തിലെ വ്യാപാരികളുടെ മീതെ അവരെ ബുദ്ധിമുട്ടിപ്പിക്കുന്ന, ആത്മഹത്യാ മുനമ്പിലേയ്ക്ക് തള്ളിനീക്കുന്ന ഈ നടപടികൾക്ക് ശാശ്വതമായ പരിഹാരം വേണം. വാറ്റ് അവസാനിച്ചപ്പോൾ ഫാസ്റ്റ്ട്രാക്, അദാലത്ത്, deemed assessment എന്നിവയെല്ലാമുണ്ടായിരുന്നു. അങ്ങനെ എന്തെങ്കിലും നടപടികളിലൂടെ ഇതിനൊരു ഫൈനാലിറ്റി ഉണ്ടാക്കണം. ഇന്ത്യയിലെ 90 ശതമാനത്തിലധികം സംസ്ഥാനങ്ങളും ഈ വിഷയം സെറ്റിൽ ചെയ്തുകഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തുള്ളവർ പരിചയസമ്പന്നരാണ്, അനുഭവസമ്പന്നരാണ്. നമുക്ക് ഇതിൽ പരിഹാരം കണ്ടെത്താൻ കഴിയണം എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പറയുന്നത്, ഒരു ഭരണാധികാരി നികുതി പിരിക്കേണ്ടത് പൂവിൽനിന്നും പൂമ്പാറ്റ തേൻ നുകരുന്നത്

പോലെയായിരിക്കണം എന്നാണ്. പൂവിനെ വേദനിപ്പിക്കാതെ, നികുതി ദായകനെ വേദനിപ്പിക്കാതെ. പക്ഷെ സത്യത്തിൽ സംസ്ഥാനത്തെ ധനകാര്യ വകുപ്പ് കേരളത്തിലെ വ്യാപാരികളുടെ മീതെ കാർപ്പറ്റ് ബോംബിംഗാണ് നടത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ഗൗരവതരമായി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ നികുതികൾ അടയ്ക്കാത്തവർക്കുള്ള ശിക്ഷകളെ കുറിച്ചുള്ളതുകൂടി അങ്ങ് പരാമർശിക്കേണ്ടതായിരുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ ചിലതൊക്കെ പറയണമെന്ന് വിചാരിച്ചതല്ല. ശ്രീ. വി. ഡി. സതീശൻ തന്നെ അതിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുമ്പോൾ എങ്ങനെയാണ് പറയാതിരിക്കുന്നത്. ആലപ്പുഴയിൽ 2016 മാർച്ച് 1-ന് ഒരു പലചരക്ക് വ്യാപാരി ആത്മഹത്യ ചെയ്തതിനെക്കുറിച്ചാണ് പറഞ്ഞത്. അന്ന് യു.ഡി.എഫ്. ഗവൺമെന്റാണ് കേരളം ഭരിച്ചിരുന്നത്. ആ മരണത്തിന് കാരണമായിട്ടുള്ളത് എന്താണെന്ന് പിന്നീട് ഈ സർക്കാർ വന്നപ്പോൾ ശ്രീ. വി. ഡി. സതീശൻ

തന്നെ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുണ്ട്.

രണ്ടുതരം നികുതിദായകരാണുള്ളത്. ഒന്ന്, അനുമാന നികുതി തരുന്നവർ. 60 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ അനുമാന നികുതിയാണ്. അത് അര ശതമാനം നികുതി തന്നാൽ മതി. പക്ഷെ 60 ലക്ഷം രൂപയ്ക്ക് മുകളിലേയ്ക്ക് പോയിട്ടുണ്ടെങ്കിൽ അവർ അനുമാന നികുതിയിൽനിന്ന് full fledged TIN dealers ആയി മാറും. നിങ്ങളുടെ ഭരണത്തിന്റെ അവസാന കാലത്ത് ഒരു നല്ല കാര്യം ചെയ്തു. അത് ചെയ്യേണ്ടത് തന്നെയായിരുന്നു. ഇങ്ങനെയുള്ള പതിനായിരക്കണക്കിന് വ്യാപാരികളെ കണ്ടെത്തി. അവർക്ക് നോട്ടീസ് പോയി. നോട്ടീസ് പൂർണ്ണമായും നിയമപ്രകാരമാണ്. ഇങ്ങനെ വന്നാൽ ഷെഡ്യൂൾ റേറ്റിൽ നികുതി ഈടാക്കണമെന്നാണ് നിയമത്തിൽ അനുശാസിക്കുന്നത്. 60 ലക്ഷം രൂപയ്ക്ക് മുകളിലേയ്ക്ക് പോയിട്ടുണ്ടെങ്കിൽ, ഒരു കോടി രൂപയായിട്ടുണ്ടെങ്കിൽ ഒരു കോടി രൂപയ്ക്കും 14.50 ശതമാനം വച്ച് നികുതി. അതിന്റെ മൂന്ന് മടങ്ങ് പിഴ. ഇൻപുട്ട് ക്രെഡിറ്റ് ഉണ്ടായിരുന്നത് റദ്ദാക്കണം. അനുമാന നികുതിയിൽ ഉണ്ടായിരുന്ന സിമെന്റ് വ്യാപാരിക്ക് ഒരു കോടി രൂപ ടേണോവറുണ്ടെന്ന് കണ്ടെത്തിയാൽ ഇതെല്ലാമടക്കം 74 ലക്ഷം

രൂപ അടയ്ക്കേണ്ടി വരും. അതാണിവിടെ സംഭവിച്ചത്. ഈ സർക്കാർ എങ്ങനെയാണ് അത് കൈകാര്യം ചെയ്തത്; ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ അതിന് പരിഹാരം കണ്ടു. 60 ലക്ഷം രൂപ വരെ അര ശതമാനം കൊടുത്താൽ മതി. ഷെഡ്യൂൾ റേറ്റ് വേണ്ട. അതിന് മുകളിൽ ഒരു കോടി രൂപ വരെ ഒരു ശതമാനം. ഒരു കോടി രൂപയ്ക്ക് മുകളിലുണ്ടെങ്കിൽ 2 ശതമാനം. തീർന്നു. പലിശയും പിഴയുമൊന്നുമില്ല. ഇവിടെ ആംനസ്റ്റി സ്കീം കൊണ്ടുവന്നു. പിഴ, പലിശ എന്നിവയെല്ലാംകൂടി വലിയ കുടിശ്ശികകൾ പലർക്കുമുണ്ട്. മുതൽ നികുതി മാത്രം തന്നാൽ മതി. പിഴയും പലിശയും ഒഴിവാക്കുന്നു. ആംനസ്റ്റി പ്രോഗ്രാമല്ലേ; അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, best judgment വച്ചാണ് നികുതി നിശ്ചയിക്കുന്നത്. അത് ഉദ്യോഗസ്ഥരുടെ ഡിസ്ക്രീഷനാണ്. കഴിഞ്ഞ ബഡ്ജറ്റിൽ best judgment എങ്ങനെ ഉപയോഗിക്കാം എന്നതിന് ഒരു മാർഗ്ഗനിർദ്ദേശം വച്ചു. ഇതാണ് സംസ്ഥാന സർക്കാരിന്റെ നയം എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അപ്പോഴാണ് ഈ സ്ക്രൂട്ടിണി മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നോട്ടീസിന്റെ പ്രശ്നം വരുന്നത്. ഇത്തരത്തിൽ ഒരു സ്ക്രൂട്ടിണി മൊഡ്യൂൾ നിങ്ങൾ ഭരിച്ചിരുന്നപ്പോൾത്തന്നെ ഉണ്ടാക്കിയിരുന്നു. അതിന്റെ

അടിസ്ഥാനത്തിൽ ആ മൊഡ്യൂൾ വച്ചുകൊണ്ടാണ് ഇനിയും 5,000 കോടി രൂപ വാറ്റ് പിരിക്കാനുണ്ട് എന്നുപറഞ്ഞ് സി.&എ.ജി.യുടെ റിപ്പോർട്ടുണ്ടായത്. സഭയിൽ നിരവധി തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. അതിലെ അപാകതകളൊക്കെ നമ്മൾ കണ്ടുപിടിച്ചു കഴിഞ്ഞപ്പോൾ പ്രായോഗികമായി തുടരേണ്ടെന്ന് വച്ചു. സി.&എ.ജി. ടേക്കപ്പ് ചെയ്തു, പരിശോധിച്ചതിൽ ഇത്രയേ കണ്ടിട്ടുള്ളൂ, അതുകൊണ്ട് ഇത് ഇനിയും മുന്നോട്ട് കൊണ്ടുപോകേണ്ട എന്ന്. അതിലെ അപാകതകളൊക്കെ തിരുത്തി പുതിയ മൊഡ്യൂൾ എന്നുപറഞ്ഞാണ് വന്നത്.

ഇവിടെ അങ്ങ് വായിച്ച നിർദ്ദേശപ്രകാരം, എന്ത് ടൂൾ ഉപയോഗിച്ച് കണ്ടുപിടിച്ചാലും ഓരോന്നിന്റെയും കൃത്യമായി നികുതി നോട്ടീസ് നൽകുന്നതിനും മൈന്റ് അപ്ലൈ ചെയ്ത് കാരണങ്ങൾ കാണണം, കാരണങ്ങൾ നോട്ടീസിൽ വയ്ക്കുകയുംവേണം. അതില്ലാത്ത തരത്തിലുള്ള നോട്ടീസുകളാണ് പോയിരിക്കുന്നത്. മൈന്റ് അപ്ലൈ ചെയ്തിട്ടില്ലെന്ന് പറഞ്ഞത് വളരെ ശരിയാണ്. പ്രശ്നങ്ങൾ പഠിച്ചിട്ടുണ്ടോയെന്ന് ചോദിച്ചു. പ്രശ്നങ്ങൾ ഇതൊക്കെയാണ്. ഈ മൊഡ്യൂളിൽത്തന്നെ പ്രഥമദൃഷ്ട്യാ ചില പോരായ്മകളുണ്ട്.

പലതരത്തിലുള്ള നികുതി എക്സംപ്ഷൻസുണ്ട്. ഉദാഹരണത്തിന്, മരുന്ന് മേഖലയിൽ ഫസ്റ്റ് പോയിന്റിലേ നികുതിയുള്ളൂ. താഴേയ്ക്കില്ല. ആ എക്സംപ്ഷൻ ഇതിൽ പ്രതിഫലിക്കുന്നില്ല. അതിന്റെ ഫലമായി താഴെയുള്ള എല്ലാവർക്കും നോട്ടീസ് പോകും. റബ്ബർ വ്യാപാരികളുടെ സെസ്സ് റബ്ബർ ബോർഡിലേയ്ക്കുള്ളതുണ്ട്. 2 രൂപയേയുള്ളൂ. പക്ഷെ trade suppression ആയിട്ട് വരികയാണ്. മുഴുവൻ റബ്ബർ വ്യാപാരികൾക്കും പോകും. ഇങ്ങനെയുള്ള എക്സംപ്ഷൻസിനെ പൂർണ്ണമായിട്ടും ഉൾക്കൊണ്ടിട്ടില്ല. അത് സോഫ്റ്റ്വെയറിന്റെ പ്രശ്നമാണ്. രണ്ടാമതൊരു പ്രശ്നമുള്ളത്, KVATIS-ൽ കിടക്കുന്ന ഡാറ്റയാണ് പരിശോധിക്കുന്നത്. KVATIS-ലേയ്ക്ക് വ്യാപാരികൾ റിട്ടേൺസ് കൊടുക്കുന്നത് അക്ഷയ കേന്ദ്രം വഴിയൊക്കെയാകും. പലപ്പോഴും കോളങ്ങളെല്ലാം മാറിയാണ് കിടക്കുന്നത്. എങ്ങനെയാണ് 25,000 കോടി രൂപ വരുന്നത്; ഞാൻ നോക്കിയപ്പോൾ, TIN നമ്പർ മാറിക്കിടക്കുകയാണ്. അതുവച്ച് വരുമ്പോഴേയ്ക്കും വലിയ തുക ടേണോവറായി വരികയാണ്. ഇത് ആര് നോക്കിയാലും മനസ്സിലാകും. ഇത്തരത്തിൽ ഒരു പരിശോധന ഇല്ലാതെയാണ് ഉദ്യോഗസ്ഥർ നോട്ടീസയച്ചത്. അങ്ങ് പറഞ്ഞതുപോലെ, ഈ പണി വേണ്ടെന്നുള്ളത്

ഞാൻതന്നെ പറഞ്ഞിട്ടുള്ളതാണ്. ഈ പരിശോധന ഇല്ലാതായിരിക്കുന്നു. കാരണങ്ങൾ പൂർണ്ണമായി കാണിക്കുന്നില്ല. പ്രശ്നം ഉണ്ടായപ്പോൾത്തന്നെ ഇടപെടാത്തത് എന്താണെന്നാൽ, ഇലക്ഷൻ കാലത്താണ് ഇതുമുഴുവൻ ചെയ്തുകൂട്ടിയത്. ഇലക്ഷൻ നടക്കുന്ന സമയത്താണ് ഈ നോട്ടീസ് മുഴുവൻ പോയിരിക്കുന്നത്. അപ്പോൾത്തന്നെ ചില സൂചനകൾ കിട്ടി. പുറത്തുള്ളവരൊക്കെ വിളിച്ചു സംസാരിച്ചു. ഇലക്ഷൻ കഴിഞ്ഞതിനുശേഷം അക്കാര്യം പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞു. ജനറേറ്റ് ബട്ടൺ പ്രസ്സ് ചെയ്താൽ മാത്രമേ ഷെഡ്യൂൾ കാണാൻ സാധിക്കുകയുള്ളൂ എന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. നോട്ടീസിന്റെ ഉള്ളടക്കവും മറ്റ് കാര്യങ്ങളും കാണാൻ സാധിക്കു. അതുകൊണ്ട് ഞങ്ങളുടെ തെറ്റല്ല എന്ന്. ഇവിടെ ഹെഡ്ക്വാർട്ടേഴ്സിൽ പറയുന്നത്, അങ്ങനെയില്ല. ആ തെറ്റ് കണ്ടുപിടിച്ച് തിരുത്തി എന്നുള്ളതാണ്. തിരുത്തിയപ്പോൾ വൈകിയെന്ന് ഉദ്യോഗസ്ഥരും. ഇക്കാര്യത്തിൽ എന്താണ് സംഭവിച്ചത് എന്നതിനെക്കുറിച്ച് മൊത്തത്തിൽ ഒരു പരിശോധന നടത്താനിരിക്കുകയാണ്. ഒരു സംശയവുമില്ല. ഇതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകില്ലെന്ന് വ്യാപാരികൾക്ക് ഉറപ്പുനൽകിയിട്ടുണ്ട്. ഈ

നോട്ടീസുകൾ സ്റ്റാറ്റ്യൂട്ടറിയാണ്. അതിന്റെ നിയമവശംകൂടി നോക്കേണ്ടതുണ്ട്. നിയമസഭയിൽവച്ച് അത് പിൻവലിച്ചു എന്നുപറയാനുള്ള അധികാരം എനിക്കില്ല. എന്റെ സാമാന്യബുദ്ധി പറയുന്നത്, നിങ്ങൾ വായിച്ച ഓർഡർ പ്രകാരം ഇത്തരത്തിൽ ഒരു പരിശോധനയും ഒരു കേസിലും നടത്താതെ മെക്കാനിക്കലായി ചെയ്തതുകൊണ്ട് ഈ നോട്ടീസുകൾ ബാധകമാകില്ല എന്നൊരു നിലപാടാണ് എന്റേത്. അക്കാര്യം നിയമവകുപ്പുമായി അന്വേഷിച്ച് മാറ്റാമെന്ന് വിചാരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് 6 മാസമായി തുടരുന്നുവെന്ന് അങ്ങ് പറഞ്ഞു. ഇത് സംബന്ധിച്ചുള്ള പരാതികൾ സർക്കാരിൽ വന്നപ്പോൾ പരാതി അയച്ച ആളുകൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറി 8-ാം മാസത്തിൽ കൊടുത്ത മറുപടിയുണ്ട്. ' The issuance of notices in connection with the process of completing VAT assessments is non arbitrary and also very much in keeping with the principles of natural justice...'എന്നാണ്. ഒരു കുഴപ്പവുമില്ല എന്നുപറഞ്ഞ് സർക്കാർ മറുപടി കൊടുത്തു. നികുതി വകുപ്പ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ

ഭാഗത്തുനിന്നുള്ള മറുപടി അഡീഷണൽ ചീഫ് സെക്രട്ടറി പരാതി പറയുന്ന അസോസിയേഷനുകൾക്ക് കൊടുക്കുകയാണ്. ഒരു പരാതിയുമില്ല. Arbitrary ആണെന്നാണ് അങ്ങ് പറഞ്ഞത്. ഇത് non arbitrary ആണ്. ഇത് കറക്ടായിട്ടാണ്. Natural justice -ന്റെ denial അല്ല. ഇത് കറക്ടാണെന്ന് പറഞ്ഞ് സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി കൊടുത്താൽ ആ വ്യാപാരി എന്തുചെയ്യണം? അതാണ് ചെയ്തിരിക്കുന്നത്. ഞാൻ ഒരു കാര്യംകൂടി പറയുകയാണ്. ഈ നോട്ടീസ് അസസ്സിംഗ് അതോറിറ്റികൾക്ക് വായിച്ചാൽ മനസ്സിലാകുമോ; ഈ നോട്ടീസ് പ്രകാരം അവർക്ക് അസസ്മെന്റ് നടത്താൻ സാധിക്കുമോ; താഴെത്തട്ടിലുള്ള അസസ്സിംഗ് അതോറിറ്റികൾക്ക് അത് സാധിക്കുകയില്ല. മാത്രമല്ല, ഇത് നിയമപരമായി വളരെ ശ്രദ്ധാപൂർവ്വം പിൻവലിച്ചില്ലെങ്കിൽ എ.ജി.യുടെ പരിശോധന വരും. അപ്പോൾ ഈ പറയുന്ന അസസ്സിംഗ് അതോറിറ്റികൾക്ക് ഉത്തരം കൊടുക്കേണ്ടി വരും. എന്തുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയൊരു നോട്ടീസ് അയച്ചിട്ട്...., എ.ജി. അങ്ങനെയേ നോക്കുകയുള്ളൂ. എ.ജി.-ക്ക് അത് നോക്കുന്നതിനുള്ള ഒരു ത്രെഡ്/മെക്കാനിസം ഉണ്ട്. ആ മെക്കാനിസം വഴി എ.ജി.

നോക്കിക്കഴിഞ്ഞാൽ ഈ ഉദ്യോഗസ്ഥൻമാർ ഉത്തരം പറയേണ്ടി വരുമെന്ന ഭയം സംസ്ഥാനത്തൊട്ടാകെയുള്ള അസസ്സിംഗ് അതോറിറ്റികളുടെ മനസ്സിലുണ്ടെന്ന കാര്യംകൂടി അങ്ങേയ്ക്കറിയാമോ?

ഡോ. ടി. എം. തോമസ് ഐസക്: അറിയാം, അതാണ് ഞാൻ പറഞ്ഞത്, ശ്രീ. വി. ഡി. സതീശൻ ഇപ്പോൾ പറഞ്ഞ കാര്യത്തെക്കുറിച്ചൊക്കെ പലർക്കും പേടി ഉള്ളതുകൊണ്ട് പൂർണ്ണമായും നിയമപരമായി ഇത് എങ്ങനെ ചെയ്യാമെന്നുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഓഫീസേഴ്സിനേയും പ്രൊട്ടക്റ്റ് ചെയ്യണം. മന്ത്രിയൊക്കെ നാളെ പോകും, പിന്നെ അവരാണ് ഉത്തരം പറയേണ്ടത്. അതിന് പ്രൊട്ടക്ഷൻ കൊടുക്കുന്ന രീതിയിൽ ഇതുചെയ്യാൻ വേണ്ടി... കോടതിയിൽ കേസ്സുണ്ട്. ഒരു പക്ഷെ കോടതി റിമാർക്സും വന്നേക്കാം. അത് എങ്ങനെ നിയമപരമായി ചെയ്യാൻ പറ്റുമെന്നുള്ളതാണ് നമ്മുടെ intention, വളരെ ക്ലിയറാണ്. ഇങ്ങനെയൊരു ഊരാക്കുടുക്കിൽ ഇതിനെക്കൊണ്ട് ചാടിച്ചതെങ്ങനെയെന്നുള്ള പരിശോധന ഉറപ്പായിട്ടും നടത്തും. പരിശോധന നടത്താതിരിക്കാൻ പറ്റുമോ; എങ്ങനെയാണ് ഇതിനെ caution ചെയ്തിട്ട് ഇത്തരത്തിൽ യാന്ത്രികമായി നോട്ടീസുകൾ പോയത് എന്നുള്ളത് കൃത്യമായി

പരിശോധിക്കും. ഞാൻ പറഞ്ഞതുപോലെ, സർക്കാർ നയത്തിന് വിരുദ്ധമായി എങ്ങനെയാണ് ഈ കാര്യങ്ങൾ ചെയ്യുക. ആ പരിശോധനയുണ്ടാകുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. അങ്ങ് ഇപ്പോൾ പറഞ്ഞ രീതിയിലുള്ള ഒരു അന്തരീക്ഷം ഈ പ്രശ്നത്തിലില്ല. ചർച്ച ഇങ്ങനെ ഉന്നയിച്ചത് നന്നായി. നാളെ പത്രത്തിലൊക്കെ വീണ്ടും വരുമ്പോൾ ആർക്കെങ്കിലും പേടിയോ ഭീതിയോ ഉള്ളിൽ കിടപ്പുണ്ടെങ്കിൽ അത് തിരുത്താനും നീക്കാനുംകൂടി ഇത് സഹായിക്കും. അതിന്റെയടിസ്ഥാനത്തിൽ ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ വി. ഡി. സതീശൻ ഉന്നയിച്ച ഗൗരവമായ വിഷയങ്ങൾക്ക് മറുപടി തൃപ്തികരമല്ല. മന്ത്രിയുടെ

പ്രസ്താവന ഒരു confession statement ആണ്. ഒരു കുറ്റസമ്മതമാണ്. ഇത് ദൗർഭാഗ്യകരമായ ഒരു എപ്പിസോഡായിപ്പോയെന്ന് അങ്ങ് തന്നെ പറഞ്ഞു. ഈ എപ്പിസോഡ് രചിച്ചതാരാണ്, വ്യാപാരികളാണോ? സർക്കാരിന്റെ നയമല്ല, ഇത് arbitrary ആയിപ്പോയെന്ന് അങ്ങ് പറയുന്നു. Arbitrary-ആയെങ്കിൽ ഉത്തരവാദി ജനാധിപത്യ ഭരണക്രമത്തിൽ ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ്. അങ്ങ് ഉദ്യോഗസ്ഥൻമാരെ കുറ്റപ്പെടുത്തുന്നു. ഇന്നത്തെ മാതൃഭൂമി പത്രം വായിച്ചു, അതിലെ വാർത്ത 'നികുതി കമ്മീഷണറോട് അവധിയിൽ പോകാൻ ധനമന്ത്രി ആവശ്യപ്പെട്ടു. നികുതി കമ്മീഷണർ ടിങ്കു ബിസ്വാളിനോട് അവധിയിൽ പ്രവേശിക്കാൻ ധനമന്ത്രി ഡോ. തോമസ് ഐസക് ആവശ്യപ്പെട്ടു. ടിങ്കു ബിസ്വാളിനോട് നികുതി കമ്മീഷണറുടെ ചുമതലകൾ ഇനിയും നിർവ്വഹിക്കേണ്ടതില്ലെന്നും ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ്. അങ്ങ് ഇത്രയും ഗുരുതരമായൊരു വീഴ്ചയ്ക്ക്, ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ ഇത് അങ്ങയുടെ ചുമതലയാണ്, അങ്ങാണ് ഫിനാൻസ് മിനിസ്റ്റർ. അങ്ങ് ഉദ്യോഗസ്ഥൻമാരെ പഴിചാരി, ഒഴിഞ്ഞു മാറുന്നത് വളരെയേറെ ദൗർഭാഗ്യകരമാണ്. ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞ ഒരു കാര്യം,

തണ്ണിത്തോടിലെ വ്യാപാരിയുടെ ആത്മഹത്യയാണ്. അതിന് അങ്ങ്, 2016-ലെ ആലപ്പുഴയിലെ ആത്മഹത്യ ഉന്നയിച്ചത് ന്യായമായും തെറ്റായിപ്പോയി.

ഡോ. ടി. എം. തോമസ് ഐസക്: ശ്രീ. വി. ഡി. സതീശൻ അത് ഉന്നയിച്ചതുകൊണ്ട് മാത്രമാണ് ഞാൻ പ്രതികരിച്ചത്. അല്ലെങ്കിൽ ഞാൻ അത് പറയുകപോലുമില്ല. ഞാനല്ല ഉന്നയിച്ചത്, ശ്രീ. വി. ഡി. സതീശനാണ് സഭയിൽ 2016-ലെ ഇൻസിഡൻസ് കൊണ്ടുവന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഒരു കാര്യം പറഞ്ഞു, അന്വേഷണം നടത്തിയപ്പോൾ അങ്ങേയ്ക്ക് മനസ്സിലായത് കുരുമുളക് വ്യാപാരിയായ ഈ മത്തായി ഡാനിയേൽ കുരുമുളക് സംഭരിച്ചു വച്ചിരുന്നു, വിലത്തകർച്ചയുണ്ടായി എന്നു പറഞ്ഞു. ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചു. അതിനുപുറമെയാണ് ആ വ്യാപാരിക്ക് 27 ലക്ഷം രൂപയുടെ ടാക്സ് നോട്ടീസ് വന്നിരിക്കുന്നത്. ആ വ്യാപാരിയുടെ മാനസിക തകർച്ചയാണ് ആ ആത്മഹത്യക്ക് കാരണം. അങ്ങ് അതിനെ വ്യാപാരി കുരുമുളക് സംഭരിച്ചു വച്ചു എന്നൊക്കെ പറയുന്നത് ശരിയായ വാദഗതിയല്ല. ഇവിടെ അങ്ങ് ആവർത്തിച്ചു പറഞ്ഞൊരു കാര്യമാണ് മൊഡ്യൂളിന്റെ തകരാർ. ജി.എസ്.ടി.

ഉണ്ടായ സമയത്ത് അങ്ങ് ഒരു വാദഗതി ഇവിടെ ഉന്നയിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി.ക്ക് ആവശ്യമായ ഹോം വർക്ക് നടത്തിയില്ല. ജി.എസ്.ടി. മൊഡ്യൂൾ തെറ്റായിപ്പോയി, അതേ വാദഗതി അതേ അപകടമാണ് അങ്ങയുടെ ധനവകുപ്പിനും കേരളത്തിനും ഉണ്ടായിരിക്കുന്നത്. നികുതി വകുപ്പിന്റെ സോഫ്റ്റ്‌വെയറിന്റെ തകരാർ കൊണ്ടാണ് ഇത് സംഭവിച്ചതെന്ന് അങ്ങ് പറയുന്നു. ജി.എസ്.ടി. പ്രാബല്യത്തിൽ വന്നശേഷം അഞ്ചുവർഷം മുമ്പ് വരെയുള്ള കാലഘട്ടത്തിൽ നൽകിയ വാറ്റ് നികുതി, കണക്കിൽ പിശകുണ്ടെന്ന് കാണിച്ചാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഏതാണ്ട് 52000 പേർക്ക് നോട്ടീസ് കൊടുത്തു. ഹോസ്ദുർഗ്ഗിലെ ഒരു വ്യാപാരിക്ക് 2.33 കോടി രൂപയുടെ നോട്ടീസ് കൊടുത്തു. മാവേലിക്കരയിലുള്ള വ്യാപാരിക്ക് കൊടുത്തത് 1.14 രൂപയുടെ, ഒന്നേകാൽ രൂപ പോലുമില്ല. നോട്ടീസ് അയച്ചു. യാതൊരുവിധ വിലയിരുത്തലുമില്ലാതെ, മുന്നൊരുക്കമില്ലാതെ, പരിശോധിക്കാതെ, സ്ക്രൂട്ടണി ചെയ്യാതെ വ്യാപകമായി അയച്ച നോട്ടീസുകളാണ് ഈ പ്രയാസങ്ങൾ ഉണ്ടാക്കിയത്. ഇക്കാര്യത്തിൽ മൂന്ന് മാസങ്ങൾക്കുമുമ്പ് വ്യാപാരി വ്യവസായി ഏകോപന സമിതി അങ്ങേയ്ക്ക്

കത്ത് നൽകി, അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി. അങ്ങ് അനങ്ങിയില്ല, ഒരു നടപടിയും സ്വീകരിച്ചില്ല. ശ്രീ. പി. ജയരാജൻ രക്ഷാധികാരിയായ വ്യാപാരി വ്യവസായി സമിതിയടക്കം, ആ സംഘടനകൾ സമരത്തിലേക്ക് പോയി. കടയടപ്പ് സമരമുണ്ടായി. അതിനുശേഷമാണ് അങ്ങൊരു കോൺഫറൻസ് വിളിച്ചത്. ആ കോൺഫറൻസിൽ ഇത് മൊഡ്യൂളിന്റെ തകരാറാണെന്ന് പറഞ്ഞു. ഞാൻ ചോദിക്കുന്നു, മൊഡ്യൂളിന്റെ തകരാറാണെങ്കിൽ ഉത്തരം പറയേണ്ടതാരാണ്; അങ്ങയുടെ ടാക്സ് വകുപ്പല്ലേ; അവരുടെ വീഴ്ചയല്ലേ; യാന്ത്രികമായി നോട്ടീസ് അയയ്ക്കരുതെന്ന് മന്ത്രി പറഞ്ഞിട്ടുപോലും അത് കണക്കിലെടുക്കാൻ അങ്ങയുടെ കീഴിലുള്ള വകുപ്പ് തയ്യാറായില്ലെന്ന് പറഞ്ഞാൽ അത് വളരെ ഗുരുതരമായ വീഴ്ചയാണ്. ഈ പിഴവ് യാദൃശ്ചികമാണോ; അങ്ങേയ്ക്ക് അറിയാമോ, കേരളത്തിലെ വ്യാപാര മേഖല ആകെ തകർച്ചയിലാണ്. ഗുരുതരമായ സാമ്പത്തിക തകർച്ച. വ്യാപാര മാന്ദ്യത്തിന്റെ കെടുതികൾ പല ദിവസങ്ങളിലായി ഈ സഭയിൽ പലരും ഉന്നയിക്കുകയുണ്ടായി. കച്ചവട സ്ഥാപനങ്ങളിൽ നേരത്തെയുണ്ടായിരുന്ന വ്യാപാരത്തിന്റെ 20 ശതമാനംപോലും വ്യാപാരമില്ല. 'സ്റ്റോക്ക് വിറ്റഴിക്കൽ,

കാലിയാക്കൽ കച്ചവടം, 50 ശതമാനം ഡിസ്കൗണ്ട് എന്നിങ്ങനെ ബോർഡുകൾ പല കടകളിലും കാണാം. എല്ലാപേരും നോട്ടീസ് കൊടുത്ത് കട ഒഴിഞ്ഞുപോകുകയാണ്. ആർക്കും കട വേണ്ട; വ്യാപാര സ്ഥാപനങ്ങളെല്ലാം മാന്ദ്യത്തിലാണ്. അങ്ങനെയിരിക്കുമ്പോഴാണ് കുനിൻമേൽ കുരു എന്നപോലെ, ഭീമമായ നികുതി കുടിശികകൂടി വന്നത്. പ്രളയക്കെടുതികൾ ഉണ്ടായി. ശ്രീ. ജെയിംസ് മാത്യുവും ശ്രീ. സണ്ണി ജോസഫും ഇവിടെയുണ്ടല്ലോ; കണ്ണൂർ ജില്ലയിൽ ഉണ്ടായ പ്രളയക്കെടുതികൾ; എന്റെ മണ്ഡലത്തിലെ ചെങ്ങളായി, ശ്രീകണ്ഠാപുരം, പേരാവൂർ മണ്ഡലത്തിലെ പ്രദേശങ്ങളിലെ പല കടകളുടേയും ഒരു നില മുഴുവൻ വെള്ളത്തിനടിയിലായിരുന്നു. കോടികളുടെ നഷ്ടമുണ്ടായി. അന്ന് ശ്രീ. ഇ. പി. ജയരാജനായിരുന്നു ജില്ലയുടെ ചുമതല. ഇപ്പോൾ അദ്ദേഹത്തെ ഇവിടെ കാണുന്നില്ല. ഇന്നലെ സഭയിൽ പറയുകയാണ്, 'ആ വ്യാപാരികളുടെ നഷ്ടത്തിന്റെ കണക്കുപോലും എടുത്തിട്ടില്ല. ഒരു പൈസ പോലും സഹായം കൊടുത്തില്ല'. 2018-ൽ പറവൂരിൽ 6000 കടകളിൽ വെള്ളം കയറി. പണം കൊടുത്തില്ലെന്നു മാത്രമല്ല, എത്ര നഷ്ടമുണ്ടായെന്ന് പരിശോധിക്കാനുള്ള സാമാന്യ മര്യാദപോലും ഉണ്ടായില്ല. ഇങ്ങനെ

കേരളത്തിലെ വ്യാപാര മേഖല പ്രളയക്കെടുതി, വ്യാപാരമാന്ദ്യം എന്നിവമൂലം ഗുരുതരമായ പ്രയാസങ്ങൾ നേരിടുമ്പോഴാണ് ഇപ്പോൾ ഈ പുതിയ നികുതിയുമായി അങ്ങ് അവരെ ദ്രോഹിക്കുന്നത്. ഇത് ശരിയായ കാര്യമല്ല. തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണിത്. അങ്ങ് പറഞ്ഞതുപോലെ, ഇതൊരു ദൗർഭാഗ്യകരമായ എപ്പിസോഡാണ്. അത് രചിച്ചത് മറ്റാരുമല്ല ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ആണ്. അതുകൊണ്ട് കേരളത്തിലെ വ്യാപാര മേഖല നേരിടുന്ന ഈ ഗുരുതരമായ പ്രശ്നങ്ങൾ, വാറ്റ് നികുതിയിലെ ഈ പ്രയാസങ്ങളടക്കം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. അതിന് സമ്മതിക്കാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. സി. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ ശ്രീ. വി. ഡി. സതീശൻ വളരെ ഗുരുതരമായൊരു പ്രശ്നമാണ് സഭയുടെ മുമ്പാകെ അടിയന്തരപ്രമേയമായി

അവതരിപ്പിച്ചത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു നോട്ടീസോ അല്ലെങ്കിൽ ഗവൺമെന്റിൽനിന്നും ഒരു പേപ്പറോ അയച്ചാൽ അതിൽ ജനങ്ങൾക്ക് ഒരു വിശ്വാസമുണ്ട്. ഒരു ഡിമാന്റുണ്ടെങ്കിൽ, ആ ഡിമാന്റ് നോട്ടീസ് അയയ്ക്കുമ്പോൾ അത് കുറ്റമറ്റതാണെന്നുള്ള തോന്നലാണ് എല്ലാപേർക്കുമുള്ളത്. അതനുസരിച്ചാണ് ആളുകൾ പ്രതികരിക്കുക. ഇപ്പോൾ ഗവൺമെന്റിനോട്, ഡിപ്പാർട്ടുമെന്റിനോട്, ടാക്സ് ഡിപ്പാർട്ടുമെന്റിനോട് മൊത്തത്തിൽ ഒരു വിശ്വാസത്തകർച്ച ഉണ്ടായിരിക്കുകയാണ്. ഇതുപോലുള്ള കാര്യങ്ങൾ വരുമ്പോൾ അങ്ങും ഗവൺമെന്റും നിസ്സഹായരാണ്. സോഫ്റ്റ്‌വെയറിന് തെറ്റി എന്നുപറഞ്ഞാൽ, അതിനകത്ത് വൈറസ് കുടുങ്ങിയ തെറ്റല്ലല്ലോ? അങ്ങനെ സംഭവിച്ച തകരാറല്ലല്ലോ? ഇത് സോഫ്റ്റ്‌വെയർ തയ്യാറാക്കുമ്പോൾ ഉണ്ടായിട്ടുള്ള തകരാറുകളാണ്. മൊഡ്യൂൾ തയ്യാറാക്കുന്നതിലുള്ള തകരാർ ആരുടേതാണ്; അത് പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഡിമാന്റ് നോട്ടീസ് അയച്ചപ്പോൾ, അതെങ്കിലും ഗവൺമെന്റ് പറയുന്നതിനനുസരിച്ച് ഉദ്യോഗസ്ഥന്മാർ ചെയ്യണ്ടേ? 10 വർഷം മുമ്പ് കൊടുക്കേണ്ട ടാക്സാണ്. 10

വർഷം മുമ്പുള്ള കണക്കുകളൊക്കെത്തന്നെ തീർത്ത് സമാധാനത്തോടെ വ്യാപാരം നടത്തുന്നയാളുകൾക്ക് എരിതീയിൽ എണ്ണയൊഴിക്കുന്നതു പോലെയാണിത്. പ്രളയമുണ്ടാക്കിയ നാശനഷ്ടങ്ങളിൽ നിന്നും ആശ്വാസമുണ്ടാകുന്നതിന് മുമ്പാണ് 18% ടാക്സടക്കം അടയ്ക്കണമെന്ന് പറഞ്ഞ് കോടികളുടെ നോട്ടീസ് ചെല്ലുന്നത്. ഗവൺമെന്റ്/ടാക്സസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു നോട്ടീസ് വരുമ്പോൾ ഒരാൾക്കുണ്ടാകുന്ന മാനസികാവസ്ഥ എന്താണ്? ഒരു ബാങ്കിൽ നിന്നാണെങ്കിൽപ്പോലും, നിങ്ങൾ അടയ്ക്കേണ്ട പണം അടയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു ഫോൺകോൾ വന്നാൽ അത് സ്വീകരിക്കുന്നയാൾക്കുണ്ടാകുന്ന മാനസികാവസ്ഥ എന്തായിരിക്കും. അവിടെയാണ് ഇതുപോലെ കോടികൾ, 18% ടാക്സോടുകൂടി ഇത്രവർഷം മുമ്പുള്ളത് അടച്ചുതീർക്കണമെന്ന് പറഞ്ഞാൽ, ആത്മഹത്യ ചെയ്യാത്ത ആളുകളുടെ എണ്ണം ചുരുങ്ങുന്നത് അവരുടെ മനക്കട്ടികൊണ്ടാണെന്ന് മനസ്സിലാക്കണം. ഇത് വളരെ നിർഭാഗ്യകരമാണ്. കഴിഞ്ഞതവണ entertainment tax-ന്റെ കാര്യം വന്നപ്പോൾ, അത് ഡബിൾ ടാക്സാണ് ചുമത്തരുതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. സഭ പിരിഞ്ഞ് രണ്ടു ദിവസം

കഴിഞ്ഞപ്പോൾ entertainment tax പിരിക്കേണ്ടതില്ലെന്ന് പത്രത്തിൽ വാർത്ത കണ്ടു. നിയമനിർമ്മാണം നടത്തുമ്പോൾ അവധാനതയില്ല, സോഫ്റ്റ്‌വെയർ ഉണ്ടാക്കുമ്പോൾ അവധാനതയില്ല, നോട്ടീസ് അയയ്ക്കുമ്പോൾ അത്രയുമില്ല. ഒരു ലക്കും ലഗാനുമില്ലാത്ത രീതിയിൽ ഗവൺമെന്റ് ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കുക എന്നുപറഞ്ഞാൽ ഇതൊക്കെ തെറ്റാണെന്ന് മനസ്സിലാക്കണം. അങ്ങേയ്ക്ക് ഇനി ചെയ്യാൻ കഴിയുന്ന ഒറ്റക്കാര്യം ഒരു പത്രപരസ്യം കൊടുക്കുകയാണ്. ഗവൺമെന്റ് പലപ്പോഴും ഇതുപോലെ നോട്ടീസുകളൊക്കെ അയയ്ക്കും, നോട്ടീസ് കണ്ട് ആരും ടാക്സ് അടയ്ക്കേണ്ടതില്ല, അതിന്റെ ക്ലാരിറ്റി വരുത്തിയശേഷം അടച്ചാൽ മതി, ആരും പരിഭ്രാന്തരായി ആത്മഹത്യയിലേയ്ക്ക് പോകേണ്ട എന്നുള്ള ഒരു പത്രപരസ്യം കൊടുത്ത് ഗവൺമെന്റ് ആശ്വാസം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റിൽനിന്നും കൊടുത്തിട്ടുണ്ടെങ്കിൽ ടാക്സ് അടയ്ക്കേണ്ട കാര്യമില്ല എന്നാണല്ലോ; നമുക്ക് ടാക്സ് വരുന്നില്ല, പിരിയുന്നില്ല എന്നുപറയുകയും ഇതുപോലെയുള്ള ആർബിട്രറിയായ ഉത്തരവുകൾ കൊടുക്കുക, ആർബിട്രറിയായ നോട്ടീസുകൾ അയയ്ക്കുക; സ്വാഭാവികമായും പിന്നീട് നികുതി

അടയ്ക്കേണ്ടതില്ലെന്ന് തീരുമാനിക്കുമ്പോൾ ഭാവിയിൽ സംസ്ഥാനത്താകെ ഉണ്ടാകുന്ന ഇംപാക്ട് വളരെ വലുതായിരിക്കുമെന്ന് അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഗവൺമെന്റിൽനിന്നും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഇതുപോലുള്ള നിരുത്തരവാദപരമായ നടപടികളുണ്ടാകുമ്പോൾ, അതൊക്കെ ഭാവിയിൽ നമുക്ക് പിരിയാകടങ്ങളും ടാക്സുകളും പിരിയാത്ത അവസ്ഥയുണ്ടാക്കും. ശ്രീ. കെ. സി. ജോസഫ് നികുതി കമ്മീഷണറുടെ കാര്യം പറയുകയുണ്ടായി. ശ്രീമതി ടിങ്കു ബിസ്വാളിനോട് ജോലിയിൽനിന്നും ലീവെടുക്കാൻ പറഞ്ഞിരിക്കുകയാണ്. ഇതിന്റെ ഏറ്റവും ഉത്തരവാദിത്വപ്പെട്ടയാളായ നികുതി കമ്മീഷണറോടുതന്നെ അവധിയിൽ പോകാൻ പറഞ്ഞു എന്നുപറയുമ്പോൾ, ഗവൺമെന്റിന്റെ നികുതിയുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളിലും ഉദ്യോഗസ്ഥരും ആകെ കൺഫ്യൂസ്ഡ് ആണെന്നതിനുള്ള ഏറ്റവും വലിയ തെളിവാണിത്. ഇതിന്റെ impact വളരെ വലുതാണ്. യഥാർത്ഥത്തിൽ ഇത് സഭയിൽ ഉന്നയിച്ചിട്ടുള്ള അടിയന്തര പ്രമേയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു അടിയന്തര പ്രമേയമായിരുന്നു. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച

ചെയ്യേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എം. ഉമ്മറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. എഫ്. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവസാനം പറഞ്ഞകാര്യമാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. ഒരുതരത്തിൽ ഈ പ്രമേയം വന്നത് നന്നായി എന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ മുസ്ലീം ലീഗിന്റെ ബഹുമാനപ്പെട്ട ഉപനേതാവ് പറഞ്ഞത്, സഭയിൽ വന്നിട്ടുള്ള പല പ്രമേയങ്ങളേക്കാൾ പ്രധാനപ്പെട്ടതായിരുന്നു ഇതെന്നാണ്. കാരണം ഇതൊരു ചെറിയ വിഷയമല്ല. രോഗം വന്നശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുകയാണ്. വാസ്തവത്തിൽ ഇത് മൊഡ്യൂളിന്റെയോ സോഫ്റ്റ്‌വെയറിന്റെയോ പിശകെന്ന് പറഞ്ഞ് രക്ഷപ്പെടാവുന്ന വിഷയമാണോ; ഇവിടെ ഭരിക്കുന്നത് ഒരു ജനകീയ സർക്കാരല്ലേ? ഇതുസംബന്ധിച്ച ഒറ്റപ്പെട്ട പരാതികൾ എത്ര നേരത്തേ കിട്ടിയതാണ്. വ്യാപാരി വ്യവസായി ഏകോപനസമിതി, വ്യപാരി വ്യവസായി സമിതി എന്നിവരുടെയൊക്കെ

പരാതികൾ കിട്ടിയിട്ടും ഗൗരവമില്ലാതെ കാര്യങ്ങൾ കൈകാര്യം ചെയ്യുവെന്നതാണ് അടിസ്ഥാനപരമായ പിശക്. നമ്മുടെ മന്ത്രിസഭ ജനങ്ങൾ തെരഞ്ഞെടുത്തതാണ്; ഭരിക്കാൻ കയറിയിട്ട് മൂന്നര വർഷമായി. ഇപ്പോഴും ഗവൺമെന്റ് പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല. ഇതുപോലുള്ള അപകടം, മരണം വരുന്നു. വ്യാപാരി ലോകമെന്ന് പറയുന്നത്, അവരെയെല്ലാം ഇങ്ങനെ അടച്ച് കള്ളന്മാരെന്ന് അക്ഷേപിക്കേണ്ട കാര്യമുണ്ടോ; ചിലപ്പോൾ കള്ളത്തരം കാണിക്കുന്നവർ കാണുമായിരിക്കും. എന്നാൽ അവരെല്ലാം തെറ്റുകാരാണ്, കള്ളത്തരം കാണിക്കുന്നവരാണ് എന്ന ചിന്തയല്ല വേണ്ടത്. നമുക്കുള്ള വരുമാനത്തിൽ ഏറ്റവും കൂടുതൽ വരുന്നത് sales tax ആണ്. ആ മേഖലയിലാണ് ഈ കുഴപ്പമുണ്ടായിരിക്കുന്നത്. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നു എന്നുപറയുന്നതുപോലെ ഇതൊക്കെ ആ മേഖല തകരാറിലാക്കുന്ന നടപടികളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അവസാനം കാണിച്ച മനോഭാവം; ധനകാര്യ വകുപ്പിൽ മാത്രമല്ല ഇത് ശ്രദ്ധിക്കേണ്ടത്. നമ്മുടെ എല്ലാ വകുപ്പുകൾക്കും ജനങ്ങൾ കൊടുക്കുന്ന പരാതി, നിവേദനങ്ങൾ, ജനകീയ ആവശ്യങ്ങൾ ഇവയൊക്കെ ഗവൺമെന്റിലേയ്ക്ക് വന്നാൽ അത് അപ്രധാനമായി

തള്ളുക, അതിന്റേതായ രീതിയിൽ അതങ്ങനെ പോകട്ടെ എന്ന സമീപനമാണ്. ജനങ്ങളാവശ്യപ്പെടുന്ന കാര്യങ്ങൾ ഒന്നും ചെയ്യുന്നില്ല. കഴിഞ്ഞ പ്രളയകാലത്ത് കേരളത്തിലെ പല കേന്ദ്രങ്ങളിലും ഈ വ്യാപാരികളുടെ കടകളെല്ലാം മുങ്ങിപ്പോയി. ഒരുപാട് സഹായം കൊടുക്കാമെന്ന് പറഞ്ഞത് കൊടുത്തോ? അവർക്ക് യഥാർത്ഥമായ നഷ്ടമുണ്ടായിട്ട് അവർ ആവശ്യപ്പെട്ട കാര്യമൊന്നും ചെയ്തില്ല. പക്ഷെ അവർ ഇങ്ങോട്ടുനൽകേണ്ട പണത്തിന് നോട്ടീസ് കൊടുക്കുക. എന്തൊരു വിചിത്രമായ നോട്ടീസാണ്? അദ്ദേഹം പറഞ്ഞത് ശരിയാണ്, mind apply ചെയ്തോ; ചിന്തിച്ചോ; ഇത് യന്ത്രം ചെയ്യുന്ന ഒരു കാര്യമാണോ; നോട്ടീസ് മനുഷ്യൻ നോക്കേണ്ടതല്ലേ; അതുനോക്കി അപാകതയുണ്ടെങ്കിൽ തിരുത്തി വേണ്ടേ ചെയ്യേണ്ടത്; ഇങ്ങനെയാണോ കാര്യങ്ങൾ പോകേണ്ടത്? ഇലക്ഷൻ കാലത്താണെന്ന് അങ്ങ് പറയുന്നത് ചിലപ്പോൾ ശരിയായിരിക്കും. പക്ഷെ അതിന് എത്രയോ മുമ്പ് പരാതികൾ ലഭിച്ചതാണ്. മൊത്തം ശൈലി മാറണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ തരത്തിൽ പോയിട്ട് കാര്യമില്ല. ഈ ഗവൺമെന്റിന് ഇനി ഒന്നര വർഷം മാത്രമേ ബാക്കിയുള്ളൂ. ഇതുവരെയുള്ള കാര്യങ്ങളിൽ

ആത്മപരിശോധന നടത്തണം. ജനങ്ങൾക്കുവേണ്ടി ചെയ്യേണ്ട ഇത്തരം കാര്യങ്ങളിൽ മെല്ലെപ്പോക്കാണോ വേണ്ടത്, ഈ പോളിസി ശരിയാണോ? അതുകൊണ്ട് വളരെ ഗൗരവതരമായി ഇക്കാര്യം ശ്രദ്ധിക്കണം. ഇവിടെ സൂചിപ്പിച്ച ചങ്ങനാശ്ശേരിയിലെ കാര്യം, എനിക്കുകൂടി അറിയാവുന്ന വ്യക്തിയുടേതാണ്. 25,642 കോടി രൂപയാണ് purchase suppression എന്നുപറയുന്നത്. പല സ്ഥലങ്ങളിലും കൊടുത്തിരിക്കുന്ന നോട്ടീസ് അങ്ങനെയാണ്. ഇത് കേരള സർക്കാരിന്റെ നോട്ടീസാണ്. ഇതാണോ കേരള സർക്കാർ; ഇതാണോ കേരളത്തിലെ ഗവൺമെന്റ്; ഇത് കിട്ടിക്കഴിഞ്ഞാൽ എന്തുവിചാരിക്കും? എത്ര സൂക്ഷ്മതയില്ലാതെയാണ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് ഈ പ്രമേയം വന്നത് നന്നായി എന്ന് അങ്ങ് പറഞ്ഞ ആദ്യത്തെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. നമുക്കെല്ലാം ആത്മപരിശോധന നടത്താം. പ്രതിപക്ഷത്തുനിന്നും ഞങ്ങൾ വല്ലതും ചെയ്യണമെങ്കിൽ ചെയ്യാം. ഞങ്ങൾക്ക് ഇതൊക്കെയല്ലേ ചെയ്യാൻ സാധിക്കുകയുള്ളൂ, ശ്രദ്ധയിൽ കൊണ്ടുവരാം. അതുകൊണ്ട് അങ്ങ് ഇതൊരു നല്ല സ്പിരിറ്റിൽ എടുത്തുകൊണ്ട് അങ്ങയുടെ വകുപ്പിൽ മാത്രമല്ല, മൊത്തം

കാര്യങ്ങളിലുള്ള ഈ രീതി അവസാനിപ്പിച്ച് ഗവൺമെന്റ് മുമ്പോട്ടുപോകണം. ഈ ചർച്ച അനുവദിച്ചിരുന്നെങ്കിൽ അതിന് കുറച്ചുകൂടി സഹായകരമായേനേ. അതിന് സന്നദ്ധമാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് എന്റെ കക്ഷി വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)